2006 മുതൽ ടെണ്ടർ നടപടികൾ പൂർത്തിയായി വിതരണം ചെയ്തു കൊണ്ടിരിക്കുന്ന ഉപകരണം സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റമാണ്. 4204 എണ്ണത്തിന് ആകെ 4,91,65,780 രൂപ 2009-10-ൽ ചെലവായി. ഇതുകൂടാതെ അനെർട്ട് നേരിട്ട് ഊർജ്ജസുരക്ഷാ മിഷൻ മുഖാന്തിരമല്ലാതെ ദക്ഷത കൂടിയ അടുപ്പ്, ദക്ഷത കൂടിയ കമ്മ്യൂണിറ്റി അടുപ്പ്, ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ, കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ സോളാർ വാട്ടർ ഹീറ്റർ തുടങ്ങിയ ഉപ കരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം 3 ആയി വയ്ക്കുന്നു.†

(സി) എം.എൻ.ആർ.ഇ. അംഗീകരിച്ചിട്ടുള്ള ഉൽപ്പാദകരിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയത്. ടെസ്റ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.†

(ഡി) ഉണ്ട്. കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ

(1) ശ്രീ. എ.എം. നാരായണൻ, ഡയറക്ടർ, അനെർട്ട്

(2) ശ്രീ. രാജഗോപാലൻ ആചാരി, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

(3) ശ്രീ. ഹരികുമാർ, സ്റ്റേറ്റ് ടെക്നിക്കൽ ഡയറക്ടർ, അനെർട്ട്

(4) ശ്രീമതി ഷീജ, ഫിനാൻസ് ഓഫീസർ, അനെർട്ട്

(5) ശ്രീ. എം. രഘുകുമാർ, കൺവീനർ, ആർ.വി.ഇ.പി., അനെർട്ട്

(6) ശ്രീ. ശരത്ത് ചന്ദ്രൻ, സെക്ഷൻ ഓഫീസർ, അനെർട്ട് എന്നിവരാണ്.

പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം അനുബന്ധം 2 ആയി കൊടുക്കുന്നു.†

സോളാർ സംവിധാനത്തിലൂടെ വിദൂര ഗ്രാമ വൈദ്യുതീകരണ പദ്ധതി

156 (5561) ശ്രീ. കെ. ബാബു :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പാരമ്പര്യേതര ഊർജ്ജ മേഖലയുടെ വികസനത്തി നായി സോളാർ സംവിധാനത്തിലൂടെ നടപ്പാക്കുന്ന വിദൂര ഗ്രാമ വൈദ്യുതീ കരണ പദ്ധതിക്കായി എന്തൊക്കെ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കുടുംബങ്ങൾക്ക് ഇതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി ബോർഡിനു പുറമേ മറ്റേതൊക്കെ ഏജൻസികളുടെ സാങ്കേതിക സഹായങ്ങൾ ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടിട്ടുണ്ട് ;

(ഡി) ഒരു കുടുംബത്തിന് പ്രസ്തുത പദ്ധതിയിലൂടെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് ശരാശരി എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരുന്നത് ;

(ഇ) നടപ്പ് വർഷം ഇത്തരം എത്ര കണക്ഷനുകൾ നൽകാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാകും ?

ഉത്തരം

(എ) പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി, എം.എൻ.ആർ.ഇ.യുടെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി മുഖാന്തിരം കേരളത്തിലെ അഞ്ചു ജില്ലകളിലായി 49 ഹാംലെറ്റുകളിലെ 4204 കുടുംബങ്ങൾക്ക് രണ്ടു ബൾബുകൾ (സി.എഫ്.എൽ), സോളാർ പാനൽ, ബാറ്ററി ഇവ അടങ്ങിയ സിസ്റ്റം നൽകുകയുണ്ടായി. ഈ പ്രവർത്തനങ്ങൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു,

1. കാസർഗോഡ് - 201
2. പാലക്കാട് - 349
3. ഇടുക്കി - 2863
4. പത്തനംതിട്ട - 146
5. തിരുവനന്തപുരം - 645

(ബി) 4113 കുടുംബങ്ങൾക്ക്.

(സി) അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ഒരു കുടുംബത്തിന് വിദൂരഗ്രാമ വൈദ്യുതീകരണ പരിപാടി പ്രകാരം സോളാർ വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഏകദേശം 12000 രൂപ ചെലവ് കണക്കാക്കിയിരിക്കുന്നു.

(ഇ) നടപ്പുവർഷം 4204 കുടുംബങ്ങൾക്ക് ഇതുപ്രകാരം വൈദ്യുതി എത്തിക്കാൻ കഴിയുമെന്ന് കരുതുന്നു.

(എഫ്) ഈ പദ്ധതിയിലൂടെ 0.151344 മെഗാവാട്ട് അഥവാ 151.344 കിലോവാട്ട് വൈദ്യുതിയുടെ പ്രയോജനം ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly